LIBRARY ARCHIVES Kerala Legislative Assembly

അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

32 (186) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര അനാഥാലയങ്ങൾ സംസ്ഥാനത്തുണ്ട് ;

(ബി) പ്രസ്തുത അനാഥാലയങ്ങൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ഗ്രാന്റായി നൽകിയിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ ;

(സി) അനാഥാലയങ്ങൾക്ക് ഗ്രാന്റിനത്തിലുള്ള കുടിശ്ശിക സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഗ്രാന്റ് തുക പൂർണ്ണമായും എന്നേക്ക് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 603 എണ്ണം.

(ബി) അനാഥാലയങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2001-02 മുതൽ 2005-06 വരെ അനാഥാലയങ്ങൾക്ക് 21,94,34,000 രൂപ സർക്കാർ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഗ്രാന്റ് തുക 2006 മാർച്ച് 31-നകം കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വികലാംഗർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലെ നിയമനം

33 (187) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിൽ മൂന്ന് ശതമാനം ഒഴിവുകളിലേക്ക് യോഗ്യരായ വികലാംഗരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ സർവ്വീസിൽ ഇപ്രകാരം നിയമിക്കുന്നതിന് ഏതെല്ലാം വകുപ്പുകളിൽ എത്ര ക്ലാസ് 3, ക്ലാസ് 4 തസ്തികകൾ നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) നീക്കി വച്ച ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിരിക്കുന്നത് ; നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥ വിശദമാക്കാമോ;

(ഡി) വികലാംഗർക്ക് സംവരണം ചെയ്ത 3% തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് കാലവിളംബം നേരിടുന്നത് ഒഴിവാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്